(എ) മൃഗസംരക്ഷണ വകുപ്പിൽ എത്ര ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ; ഇവരുടെ സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റ രീതിയിൽ പരിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇവരുടെ സീനിയോറിറ്റി ലിസ്റ്റ് പരിഷ്ക്കരിച്ചു പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സീനിയോറിറ്റി ലിസ്റ്റ് പരിഷ്ക്കരിച്ചു പ്രസിദ്ധീകരിക്കാത്തതിനാൽ എൽ.ഐ.മാർക്ക് അർഹമായ പ്രൊമോഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മൃഗ സംരക്ഷണ വകുപ്പിൽ 2691 ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ട്. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 1-1-1998 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് പരിഷ്ക്കരിച്ച് 26-6-2001-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി - ഡി) മേൽ പറഞ്ഞ രീതിയിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും മൃഗ സംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ചട്ടപ്രകാരം പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർക്കായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ 1991-ൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതരായിട്ടുള്ള എല്ലാ വിഭാഗങ്ങൾക്കും പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. വിജ്ഞാപനത്തിൽ വന്ന ഈ പിഴവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നേരത്തേ അപേക്ഷ അയയ്ക്കാൻ അവസരം ലഭിക്കാതിരുന്ന പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതരായ വിഭാഗങ്ങൾക്കുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷൻ 13-2-1996-ൽ ഒരു അനുബന്ധ വിജ്ഞാപനം പുറപ്പെടുവിക്കുകയും അതനുസരിച്ചുള്ള റാങ്ക് ലിസ്റ്റിന് 6-11-1995 മുതൽ മുൻകാല പ്രാബല്യം നൽകുകയും ചെയ്തു. അതിനെ തുടർന്ന് 1996 മുതൽ 2001 വരെ പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്ത ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതു സംബന്ധിച്ച പി.എസ്.സി.യുടെ നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ താമസംവിനാ തീരുമാനം കൈക്കൊള്ളുന്നതും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് അർഹമായ പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

## മൃഗ സംരക്ഷണ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് നിയമനം

134 (1522) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മൃഗ സംരക്ഷണ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് സർക്കാർ ഉത്തരവായ കേസ്സുകളിൽ ഇനി എത്ര പേർക്ക് നിയമനം നൽകുവാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജി.ഒ.(എം.എസ്) നമ്പർ 191/08/എ.ഡി. തീയതി 15-11-2008 പ്രകാരം നിയമന ഉത്തരവ് നൽകിയ ശ്രീമതി വി. മിനിക്ക് മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ പോസ്റ്റിംഗ് ഓർഡർ നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പോസ്റ്റിംഗ് ഓർഡർ നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഗവൺമെന്റ് ഉത്തരവായതിൽ ഇനി 8 പേർക്ക് നിയമനം നൽകാനുണ്ട്.

(ബി & സി) ശ്രീമതി വി. മിനിക്ക് പോസ്റ്റിംഗ് ഓർഡർ നൽകിയിട്ടില്ല. പോസ്റ്റിംഗിനായി കാത്തു നിൽക്കുന്നവരിൽ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നാലാമത്തെ ആളായ ശ്രീമതി വി. മിനിക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് താമസംവിനാ നിയമനം നൽകുന്നതാണ്.

## ലീഗൽ മെട്രോളജി വകുപ്പിന്റെ പുന:സംഘടന

135 (1523) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പ് പുന:സംഘടിപ്പിക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ലീഗൽ മെട്രോളജി വകുപ്പിന്റെ പുന:സംഘടനയെ സംബന്ധിച്ച് ശ്രീ. റ്റി. തങ്കപ്പൻ, ഐ.എ.എസ്. സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ കൈക്കൊണ്ട നടപടി വിശദമാക്കുമോ?

ഉത്തരം

(എ & ബി) ലീഗൽ മെട്രോളജി വകുപ്പ് പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ശ്രീ. റ്റി. തങ്കപ്പൻ, ഐ.എ.എസ്. സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ലീഗൽ മെട്രോളജി വകുപ്പിലെ ആഫീസുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് മുഖാന്തിരം വർക്ക് സ്റ്റഡി നടത്തിവരികയാണ്.

## ലീഗൽ മെട്രോളജി വകുപ്പിന്റെ കണ്ണൂർ ജില്ലാ ഓഫീസ്

136 (1524) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ലീഗൽ മെട്രോളജി വകുപ്പിന്റെ ജില്ലാ ഓഫീസ് അത് പ്രവർത്തിച്ചിരുന്ന സ്ഥലത്തു നിന്നും മാറ്റാനിടയായ സാഹചര്യം എന്താണ്;

(ബി) ഈ സ്ഥാപനം മാറ്റിയതുവഴി ചെറുകിട വാഹന ഉടമകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly